റോഡുകളിലെ തടസ്സം നീക്കുന്നതിന് സ്ഥിരം സംവിധാനം

*7. [843] ശ്രീ. കെ. നാരായണക്കുറുപ്പ്:
,, റോഷി അഗസ്റ്റിൻ:
,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പി. ഡബ്ല്യു. ഡി. റോഡുകളിൽ കല്ല്, മണൽ, തടി മുതലായവ സ്ഥിരമായി കൂട്ടിയിട്ടും വാഹനങ്ങൾ റിപ്പയർ ചെയ്തും മാർഗ്ഗതടസ്സം സൃഷ്ടിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം വാഹനാപകടങ്ങൾ ഉണ്ടാകുന്നത് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരം അപകടങ്ങൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇത്തരം മാർഗ്ഗതടസ്സങ്ങൾ ഒഴിവാക്കുന്നതിന് ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ, ബി) കല്ല്, മണൽ, തടി, വാഹനങ്ങൾ ഇവ റോഡുകളുടെ വശങ്ങളിൽ ഇടുന്നതു കാരണം ഗതാഗത തടസ്സവും ചിലപ്പോൾ റോഡപകടങ്ങളും ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഹൈവേ പ്രൊട്ടക്ഷൻ ആക്റ്റ് പ്രകാരം നടപടികൾ എടുത്തു വരികയാണ്. ഗതാഗതത്തിന് തടസ്സമുണ്ടാകുന്ന വിധത്തിൽ റോഡ്സൈഡിൽ നിർമ്മാണ വസ്തുക്കൾ കിടക്കുന്നത് ശ്രദ്ധയിൽപ്പെടുമ്പോൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ/ഫീൽഡ് ആഫീസർമാർ ഉടമകളെ നേരിട്ട് സമീപിച്ചും നോട്ടീസ് നൽകിയും റോഡിന് തടസ്സമുണ്ടാക്കുന്ന വിധത്തിൽ കിടക്കുന്ന സാമഗ്രികൾ മാറ്റാറുണ്ട്.

(ഡി) നിലവിലുള്ള സംവിധാനം തൃപ്തികരമാണ്.

നിർമ്മാണമേഖലയുമായി ബന്ധപ്പെട്ട ചട്ടങ്ങൾ

*8 [844] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. ടി. കെ. ദേവകുമാർ:
ഡോ. തോമസ് ഐസക്:
ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബിൽഡ് ഓപ്പറേറ്റ് ആന്റ് ട്രാൻസ്ഫർ (ബി. ഒ. ടി.), ബിൽഡ് ഓപ്പറേറ്റ് ആന്റ് ഓൺ (ബി. ഒ. ഒ.), ബിൽഡ് ഓപ്പറേറ്റ്, ലീസ് ആന്റ്

LIBRARY ARCHIVES Kerala Legislative Assembly